ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 30.09.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. രാജ്യത്തുടനീളം 50 മാതൃകാ ശുചിത്വ നഗരങ്ങൾ വികസിപ്പിക്കുന്നത് ലക്ഷ്യമിട്ട് 'പ്രഗതി 50' സംരംഭത്തിന് തുടക്കമിട്ട് കേന്ദ്ര സർക്കാർ.

   **New set of initiatives launched under PRAGATI 50, to develop 50 clean role-model cities across the country.**

2. അന്താരാഷ്ട്ര സ്വതന്ത്ര വ്യാപാര കരാറുകളിലൂടെ ഉയർന്നു വരുന്ന പുതിയ വിപണി സാധ്യതകൾ പ്രയോജനപ്പെടുത്തി ഇന്ത്യയിലെ കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുമെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **India's Farmers to Benefit from New Market Opportunities Through International Free Trade Agreements, says Union Agriculture Minister Shivraj Singh Chouhan.**

3. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് പഞ്ചാബ് സന്ദർശിക്കും. ജലന്ധറിൽ 'ലഹരിമുക്ത പഞ്ചാബ് യാത്ര' യുടെ സമാപന പരിപാടി ഉദ്ഘാടനം ചെയ്യും

   **Union Home Minister Amit Shah to Visit Punjab Today;To flag in 'Nasha Mukt Punjab Yatras' in Jalandhar.**

4. യുക്രെയ്നിലും പശ്ചിമേഷ്യൻ മേഖലയിലും തുടരുന്ന സംഘർഷങ്ങൾ ഗ്ലോബൽ സൗത്ത് മേഖലയിലെ സമ്പദ് വ്യവസ്ഥകളിൽ കടുത്ത സമ്മർദ്ദം ചെലുത്തുന്നതായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

**Ongoing Conflicts in Ukraine and West Asia Putting Severe Pressure on Global South Economies, says EAM S. Jaishankar.**

5. തിരുവനന്തപുരത്ത് നടന്നു വന്ന 18-ാമത് അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്ര മേളയ്ക്ക് ഇന്ന് തിരശീല വീഴും. സമാപന സമ്മേളനം മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും.

**18th International Documentary and Short Film Festival of Kerala to Conclude in Thiruvananthapuram Today. Chief Minister V.D. Satheesan to Inaugurate Closing Ceremony.**

6. ഏഷ്യൻ ഗെയിംസിൽ മുന്നേറ്റം തുടർന്ന് ഇന്ത്യ; വനിത കളുടെ 4×400 മീറ്റർ റിലേയിലും വനിതാ ട്രാപ്പ് ഷൂട്ടിങ്ങിലും ഇന്ത്യയ്ക്ക് സ്വർണ്ണം.

**India Continues Strong Run at Asian Games; Gold in Women's 4x400m Relay and Women's Trap Shooting.**

## RAJNATH SINGH

സാങ്കേതികവിദ്യയിലെ മാറ്റങ്ങളും അനിശ്ചിതത്വങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ ഭൗമ-തന്ത്രപരമായ ചിന്തയും പ്രതിസന്ധി ഘട്ടങ്ങളിലെ മുൻകരുതലുകളും പ്രതിരോധ തയ്യാറെടുപ്പുകളുടെ ഭാഗമാക്കണമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ നാവികസേനാ കമാൻഡർമാരുടെ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിൻറെ ഊർജ്ജ വിതരണ ശൃംഖലകളെയും ദേശീയ താൽപര്യങ്ങളെയും സംരക്ഷിക്കുന്നതിൽ 'ഓപ്പറേഷൻ ഊർജ്ജ സുരക്ഷ'യിലൂടെ നാവികസേന കാഴ്ച്ചവെച്ച നൈപുണ്യത്തെ അദ്ദേഹം പ്രശംസിച്ചു.

## SHIVRAJ SINGH CHOUHAN

കാർഷിക ഉത്പന്നങ്ങൾക്ക് ന്യായവും ലാഭകരവുമായ വില ഉറപ്പാക്കുന്നതിനായി സർക്കാർ ബഹുമുഖ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതായി കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ദേശീയ കാർഷിക സമ്മേളനം – റാബി കാമ്പയിൻ 2026-ൻറെ രണ്ടാം ദിനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അന്താരാഷ്ട്ര സ്വതന്ത്ര വ്യാപാര കരാറുകളിലൂടെ ഉയർന്നു വരുന്ന പുതിയ വിപണി സാധ്യതകൾ ഇന്ത്യ പ്രയോജനപ്പെടുത്തുമെന്നും ഇത് കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

## PRAGATI 50

രാജ്യത്തുടനീളം 50 മാതൃകാ ശുചിത്വ നഗരങ്ങൾ വികസിപ്പിക്കുന്നത് ലക്ഷ്യമിട്ട് 'പ്രഗതി 50' സംരംഭത്തിന് കീഴിൽ വിവിധ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ട് കേന്ദ്ര സർക്കാർ. കേന്ദ്ര ഭവന-നഗരകാര്യ മന്ത്രി മനോഹർ ലാൽ സംരംഭം ഉദ്ഘാടനം ചെയ്തു. 24 സംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ഈ 50 നഗരങ്ങളും ശുചിത്വത്തിന്റെ കാര്യത്തിൽ മാതൃകാ നഗരങ്ങളായി മാറുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

## AMITSHAH

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് പഞ്ചാബ് സന്ദർശിക്കും. ജലന്ധറിൽ 'ലഹരിമുക്ത പഞ്ചാബ് യാത്രയുടെ 'സമാപന പരിപാടി ഉദ്ഘാടനം ചെയ്യും. ഈ മാസം 18-ന് ബിജെപി അധ്യക്ഷൻ നിതിൻ നബിൻ പത്താൻകോട്ട് തുടക്കം കുറിച്ച യാത്ര 13 ദിവസത്തിനുള്ളിൽ 117 നിയമസഭാ മണ്ഡലങ്ങളിലായി 4,000 കിലോമീറ്റർ സഞ്ചരിച്ചു. ലഹരി ഉപയോഗം, ക്രമസമാധാന തകർച്ച, അഴിമതി എന്നീ പ്രധാന വെല്ലുവിളി കൾക്കെതിരെ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക ലക്ഷ്യമിട്ടായിരുന്നു യാത്ര സംഘടിപ്പിച്ചത്.

## JAISHANKAR-FOOD CRISIS

യുക്രെയ്നിലും പശ്ചിമേഷ്യൻ മേഖലയിലും തുടരുന്ന സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ, ഭക്ഷ്യപ്രതിസന്ധിക്ക് സാധ്യതയുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. സംഘർഷങ്ങൾ ഗ്ലോബൽ സൗത്ത് മേഖലയിലെ സമ്പദ്‌വ്യവസ്ഥകളിൽ കടുത്ത സമ്മർദ്ദം ചെലുത്തുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ന്യൂയോർക്കിൽ 'ഏഷ്യ സൊസൈറ്റി' സംഘടിപ്പിച്ച ഒരു പരിപാടി യിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

☸☸☸☸☸☸☸☸☸☸☸☸☸

## GUTERRES-INDIAS ROLE AT UN

ഐക്യരാഷ്ട്രസഭയുമായുള്ള ഇന്ത്യയുടെ സഹകരണത്തെ അഭിനന്ദിച്ച് സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ്. ന്യൂയോർക്കിലെ ഐക്യ രാഷ്ട്രസഭ ആസ്ഥാനത്ത് വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. ഗ്ലോബൽ സൗത്ത് മേഖല യിലെ സംഘർഷങ്ങൾ ലഘൂകരിക്കേണ്ടതിൻറെ ആവശ്യകത ഉൾപ്പടെ ചർച്ച ചെയ്തതായി വിദേശകാര്യമന്ത്രി പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## SEVA SANKALP ABHIYAN- MISSION LIFE (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തി യാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച 'മിഷൻ ലൈഫ്' പദ്ധതിയെക്കുറിച്ചാണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്.
(വോയിസ് )

സുസ്ഥിര ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യ മുന്നോട്ടു വച്ച ആഗോള ബഹുജന പ്രസ്ഥാനമാണ് 'മിഷൻ ലൈഫ്'. ലളിതവും ബോധപൂർവ്വവുമായ വിഭവ വിനിയോഗത്തിലൂടെ പരിസ്ഥിതിക്ക് അനുകൂലമായ ആഗോള സൗഹൃദ കൂട്ടായ്മ സൃഷ്ടിക്കുകയാണ് ദൗത്യ ത്തിന്റെ പ്രധാന ലക്ഷ്യം. 2022 ഒക്ടോബറിൽ ഗുജറാത്തിലെ കെവാഡിയ യിൽ യു.എൻ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസിൻറെ സാന്നിധ്യത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം നിർവഹിച്ചു.
(പി എം ഹോൾഡ് വോയിസ് )
വ്യക്തികളെ ലളിതമായ പരിസ്ഥിതി സൗഹൃദ ശീലങ്ങളിലേക്ക് നയിക്കുക, ഉപഭോക്താക്കളുടെ മാറുന്ന ആവശ്യങ്ങൾക്കനുസരിച്ച് വിപണികളെയും

വ്യവസായങ്ങളെയും മാറ്റിയെടുക്കുക, സുസ്ഥിര ഉൽപ്പാദനത്തിനും ഉപഭോഗത്തിനും അനുയോജ്യമായ സർക്കാർ-വ്യവസായ നയങ്ങൾ രൂപീകരിക്കുക എന്നീ മൂന്ന് ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

ന്യൂസ് ഡെസ്ക് ആകാശവാണി ........

## ECI- SPECIAL CAMPS

യുവ വോട്ടർമാരുടെ രജിസ്ട്രേഷൻ പരമാവധി ഉറപ്പാക്കുന്നതിന് ഡൽഹിയിലെ കോളേജുകളിലും സർവ്വകലാശാലകളിലും തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചു. പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണം സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനും, തിരഞ്ഞെടുപ്പ് സംബന്ധിച്ച ഫോമുകൾ കൈപ്പറ്റുന്നതിനും സമർപ്പിക്കുന്നതിനുമായി നിരവധി വിദ്യാർത്ഥികൾ ഇന്നലെ ക്യാമ്പുകൾ സന്ദർശിച്ചു.

## IDSFFK -CM

18-ാമത് അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്ര മേളയ്ക്ക് ഇന്ന് തിരശീല വീഴും. സമാപന സമ്മേളനം തിരുവനന്തപുരം കൈരളി തിയേറ്ററിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രി പി.സി. വിഷ്ണുനാഥ് അധ്യക്ഷത വഹിക്കും. ചലച്ചിത്രപ്രവർത്തക നിന സബ്നാനിക്ക് ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ് മുഖ്യമന്ത്രി സമ്മാനിക്കും.

## SOLAR BOAT SERVICE

തിരുവനന്തപുരം ജില്ലയിലെ വിനോദസഞ്ചാര മേഖലയ്ക്ക് കുതിപ്പേകി വേളി - കഠിനംകുളം സോളാർ ബോട്ട് സർവീസ് ഇന്ന് ആരംഭിക്കും. ഗതാഗത മന്ത്രി സി.പി ജോൺ ബോട്ട് സർവീസ് ഉദ്ഘാടനം ചെയ്യും.

## POSHAN - MAH

കുട്ടികളിലെയും സ്ത്രീകളിലെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ആരോഗ്യകരമായ ഭക്ഷണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി സംഘടിപ്പിച്ച പോഷൺ മാസാചരണ ക്യാമ്പയിൻറെ കാസർഗോഡ് ജില്ലാതല പരിപാടി കളക്ടർ ശ്രീധന്യ സുരേഷ് ഉദ്ഘാടനം ചെയ്തു. സ്കൂൾ പരിസരങ്ങളിലെ കടകളിൽ പോഷകാഹാരം പ്രോത്സാഹിപ്പിക്കുന്ന ക്യാമ്പയിൻ ആലോചനയിലുണ്ടെന്ന് കളക്ടർ  പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## OBIT - M A KRISHNAN

കേസരി വാരികയുടെ പത്രാധിപരും ബാലഗോകുലം , തപസ്യ, ബാല സംസ്കാര കേന്ദ്രം പ്രസ്ഥാനങ്ങളുടെ സ്ഥാപക നേതാക്കളിലൊരാളുമായ എം.എ കൃഷ്ണൻ്റെ സംസ്കാര ചടങ്ങുകൾ വൈകിട്ട് 5 മണിയ്ക്ക് നടക്കും. ഭൗതികശരീരം രാവിലെ 10 മണിക്ക് കൊല്ലം ഐവർകാലയിലുള്ള തറവാട്ടു വീട്ടിലെത്തിക്കും. മികച്ച മാതൃകാ പൊതു പ്രവർത്തകനെയാണ് നഷ്ടമായതെന്ന് ഗോവ  മുൻ ഗവർണർ പി.എസ് ശ്രീധരൻ പിള്ള അനുശോചന സന്ദേശത്തിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## MEA BRIEFING ( INTRO)

യുഎൻ പൊതുസഭയിൽ ജമ്മു-കശ്മീരിനെക്കുറിച്ചുള്ള തുർക്കി പ്രസിഡന്റ് എർദോഗന്റെ പരാമർശങ്ങൾ തള്ളി ഇന്ത്യ. ഇന്ത്യയുടെ പ്രാദേശിക അഖണ്ഡതയുമായും പരമാധികാരവുമായും ബന്ധപ്പെട്ട വിഷയത്തിൽ പുറത്തുനിന്നുള്ള ഒരു കക്ഷിക്കും ഇടപെടാൻ അവകാശമില്ലെന്ന് വിദേശ കാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ  പറഞ്ഞു. യു.എസിന്റെ 100 ശതമാനം നികുതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ, വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ന്യൂഡൽഹിയിൽ യു.എസ് കോൺഗ്രസ് പ്രതിനിധി സംഘവുമായി കൂടിക്കാഴ്ച നടത്തിയതായി അദ്ദേഹം അറിയിച്ചു. റഷ്യ, ഇറാൻ ഉപരോധ നിയമം ഉഭയകക്ഷി ബന്ധത്തിലും അന്താരാഷ്ട്ര ഊർജ്ജ വിപണിയിലും ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ആശങ്കകൾ അമേരിക്കയെ അറിയിച്ചതായും ശ്രീ ജയ്സ്വാൾ കൂട്ടിച്ചേർത്തു.

( വോയിസ്....)

❁❁❁❁❁❁❁❁❁❁❁❁❁

## ASIAN GAMES

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ മുന്നേറി ഇന്ത്യ. വനിതകളുടെ 4×400 മീറ്റർ റിലേയിലും വനിതാ ട്രാപ്പ് ഷൂട്ടിങ്ങിലും ഇന്ത്യ ഇന്നലെ സ്വർണ്ണ മെഡൽ നേടി. വനിതകളുടെ റിലേയിൽ 3 മിനിറ്റ് 29.69 സെക്കൻഡ് സമയം കൊണ്ടാണ് ഇന്ത്യ സ്വർണം നേടിയത്. പുരുഷന്മാരുടെ 4x400 മീറ്റർ റിലേയിലും മിക്സഡ് 4x100 മീറ്റർ റിലേയിലും വെങ്കല മെഡലും സ്വന്ത മാക്കി. വനിതകളുടെ ട്രാപ്പ് വ്യക്തിഗത ഇനത്തിൽ സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ ഷൂട്ടറായി നീരു ധണ്ഡ ചരിത്രം കുറിച്ചു. ആറു സ്വർണ്ണവും 21 വെള്ളിയും 26 വെങ്കല മെഡലുകളും ഉൾപ്പടെ 53 മെഡലുകളാണ് ഇന്ത്യ ഇതുവരെ നേടിയത്. ഇതോടെ മെഡൽ പട്ടികയിൽ ഇന്ത്യ പത്താം സ്ഥാന ത്തേക്ക് ഉയർന്നു.

## J and K- LeT TERRORIST KILLED

ജമ്മു കാശ്മീരിലെ ബുഡ്ഗാമിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു ഭീകരൻ കൊല്ലപ്പെട്ടു. ലഷ്കർ-ഇ- തൊയ്ബ അംഗം സുലൈമാൻ ഷായെ ആണ് വധിച്ചത്. ജമ്മു കാശ്മീരിലെ വിവിധ ഭീകരാക്രമണങ്ങളിൽ പങ്കാളിയായ ഭീകരനെയാണ് കരസേനയും പൊലീസും സിആർപിഎഫും സംയുക്തമായി നടത്തിയ ഓപ്പറേഷൻ കോറാഗിനിടെ വധിച്ചതെന്ന് അധികൃതർ അറിയിച്ചു.

## FORT COCHIN - FIRE

ഫോർട്ട്കൊച്ചിയിലെ ചരിത്രപ്രാധാന്യമുള്ള കോഡർ ഹൗസിന് തീപിടിച്ചു. നെഹ്റു പാർക്കിന് സമീപത്തെ മൂന്ന് നില കെട്ടിടത്തിൽ ഇന്നലെ വൈകിട്ട് ഏഴോടെയാണ് തീപിടിത്തമുണ്ടായത്. രണ്ടുമണിക്കൂറോളം നീണ്ട ശ്രമത്തിനൊടുവിലാണ് തീ നിയന്ത്രണവിധേയമാക്കിയത്. തീപിടിത്തത്തിന്റെ കാരണം വ്യക്തമായിട്ടില്ല.

## MoS L MURUGAN

വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ ക്രിയേറ്റർ സമ്പദ്‌വ്യവസ്ഥയും നിർമ്മിതബുദ്ധിയും വഹിക്കുന്ന പങ്ക് വളരെ വലുതെന്ന് കേന്ദ്ര സഹമന്ത്രി എൽ. മുരുകൻ. ന്യൂഡൽഹിയിൽ യൂട്യൂബ് ഇംപാക്റ്റ് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നൂതനാശയങ്ങൾക്കും ശാക്തീകരണത്തിനുമുള്ള ഉപാധിയായി നിർമ്മിതബുദ്ധിയെ പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്രസഹമന്ത്രി യുവാക്കളോട് ആഹ്വാനം ചെയ്തു.

## SHEKHAWAT- FELICITATION

ലളിതകലാ അക്കാദമി സംഘടിപ്പിച്ച 65-ാമത് ദേശീയ കലാ എക്സിബിഷനിൽ പുരസ്കാരം നേടിയ 20 കലാകാരന്മാരെ കേന്ദ്ര സാംസ്കാരിക-വിനോദസഞ്ചാര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് അനുമോദിച്ചു. ഉപേക്ഷിക്കപ്പെട്ട വസ്തുക്കൾക്ക് കലാപരമായ ഭാവം നൽകുന്ന ലളിതകലാ അക്കാദമിയുടെ 'വേസ്റ്റ് ടു വണ്ടർ' ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു.